**അബ്ദുല്ലത്വീഫ് കൊടുവള്ളി**


# ഹദീസ്‌വിജ്ഞാന രംഗത്തെ സ്ത്രീസാന്നിധ്യം



**ഇസ്‌ലാം** സ്ത്രീക്ക് നൽകിയ സ്ഥാനവും പങ്കാളിത്തവും മഹത്തരമാണ്. ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ നാനാതുറകളിൽ സേവനമനുഷ്ഠിക്കാൻ അതുവഴി സ്ത്രീകൾക്ക് കഴിഞ്ഞു. നബി തിരുമേനിയുടെ വാക്കുകളും പ്രവൃത്തികളും ചര്യകളും തുടക്കം മുതലേ നിരീക്ഷിക്കാൻ അദ്ദേഹത്തിന്റെ ഭാര്യ ഖദീജക്ക് സാധിച്ചു. ആദ്യ വഹ്‌യ് അനുഭവങ്ങൾ നമുക്ക് യഥാതഥാ മനസ്സിലാക്കാനായത് അവരുടെ പ്രസ്താവനയിലൂടെയാണ്. ആദ്യത്തെ വിശ്വാസിനിയും വഹ്‌യിന്റെ പ്രഥമ ശ്രോതാവും അവരായിരുന്നല്ലോ. ഹിറാഗുഹ കഴിഞ്ഞാൽ രണ്ടാമതായി ഖുർആൻ പാരായണം നടന്നത് അവരുടെ വീട്ടിൽ വെച്ചായിരുന്നു. ഖദീജക്കുശേഷം പ്രവാചക പത്നിമാരുടെ വീടുകളിൽ പല സന്ദർഭങ്ങളിലും വഹ്‌യ് അവതരിച്ചിട്ടുണ്ട്.

ഒരിക്കൽ ഒരു സ്ത്രീ വന്ന് നബിയോടിങ്ങനെ ബോധിപ്പിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, താങ്കളുടെ വർത്തമാനങ്ങൾ ആണുങ്ങൾക്കേ കിട്ടുന്നുള്ളൂ. ഞങ്ങൾ സ്ത്രീകൾക്കായി താങ്കൾ ഒരുദിവസം നിശ്ചയിച്ചു തരണം. അല്ലാഹു താങ്കളെ പഠിപ്പിക്കുന്നത് ഞങ്ങൾക്ക് പഠിക്കാമല്ലോ! 'തിരുമേനി പ്രതിവചിച്ചു: ഇന്നയിന്ന ദിവസങ്ങളിൽ ഇന്ന സ്ഥലത്ത് നിങ്ങൾ സമ്മേളിച്ചു കൊള്ളുക.' അതുപ്രകാരം അവർ സമ്മേളിച്ചു. തിരുമേനി അവിടെയെത്തി. അല്ലാഹു പഠിപ്പിച്ചതിൽനിന്ന് അദ്ദേഹം അവരെ പഠിപ്പിച്ചുകൊണ്ടിരുന്നു" (*ബുഖാരി, മുസ്‌ലിം*). പള്ളിയിൽവെച്ച് സാധാരണപോലെ ക്ലാസുകളിൽ പങ്കെടുത്തിരുന്ന വനിതകൾ, തങ്ങൾക്കുമാത്രമായി ദിവസം ചോദിച്ചു വാങ്ങുകയായിരുന്നു. ജ്ഞാന ജിജ്ഞാസുക്കളായ അൻസ്വാരിവനിതകളെ പ്രശംസിച്ചുകൊണ്ട് നബി(സ) പറഞ്ഞു: 'അൻസ്വാരിവനിതകൾ എത്ര നല്ല സ്ത്രീകൾ! ദീൻ പഠിക്കുന്ന കാര്യത്തിൽ ലജ്ജ അവർക്കു തടസ്സമാകുന്നില്ല' (*ബുഖാരി*). നബി(സ)യുടെ വിയോഗവേളയിൽ പത്തൊമ്പത് വയസ്സ് തികഞ്ഞിട്ടില്ലാത്ത പത്നി ആഇശഃയാണ് സ്വഹാബി ഗണത്തിലെ ഏറ്റവും സൂക്ഷ്മദൃക്കായ ഹദീസ് നിവേദക. ആഇശയുടെ വിജ്ഞാനം മറ്റു വനിതകളുടെ വിജ്ഞാനത്തിലേക്ക് ചേർത്തുവെച്ചാൽ ആഇശഃയുടെ

**എണ്ണം പരിഗണിക്കുമ്പോൾ ആഇശഃ നാലാം സ്ഥാനത്ത് വരുന്നു. എന്നാൽ, ആറ് പ്രമുഖ ഹദീസ് കൃതികളിലെ വർധന പരിഗണിക്കുമ്പോൾ ഒന്നാം സ്ഥാനത്ത് അബൂഹുറയ്റയും രണ്ടാം സ്ഥാനത്ത് ആഇശഃയുമാണ്. അബൂഹുറയ്റ 3370 ഉം ആഇശഃ 2081 ഉം. ബുഖാരിയും മുസ്‌ലിമും ഒന്നിച്ച് 174ഉം ബുഖാരി സ്വന്തമായി 54ഉം മുസ്‌ലിം 69ഉം ഹദീസുകൾ അവരിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരിൽനിന്ന് ഉദ്ധരിക്കപ്പെട്ട ഹദീസുകളിൽ ഭൂരിഭാഗവും വിവിധ വിഷയങ്ങളെ അധികരിച്ച വിധികളാണ്.**



വിജ്ഞാനമായിരിക്കും മികച്ചുനിൽക്കുകയെന്ന് പണ്ഡിത ശ്രേഷ്ഠൻ സുഹ്‌രി അഭിപ്രായപ്പെടുകയുണ്ടായി.

ഹദീസ് നിവേദനത്തിൽ പങ്കു വഹിച്ചവരിൽ പ്രധാനികളാണ് പ്രവാചക പത്നിമാർ. ധാരാളംപേർ പ്രവാചക ഭവനങ്ങളിൽ വിദ്യാഭ്യാസാവശ്യാർഥം എത്തിക്കൊണ്ടിരുന്നു. പ്രവാചക പത്നിമാർ ജീവിച്ചിരിക്കെ, മറ്റുള്ളവരോട് ജ്ഞാനമാരായുന്നത് പോലും പലർക്കും പഥ്യമായിരുന്നില്ല.

ഈ ഗണത്തിൽ പ്രഥമ പരാമർശമർഹിക്കുന്നത് ആഇശഃയാണ്. നല്ല ഓർമശക്തിയും ബുദ്ധിസാമർഥ്യവുമായിരുന്നു അവർക്ക്. കാര്യങ്ങൾ ചോദിച്ചു മനസ്സിലാക്കാനും കേട്ട കാര്യങ്ങൾ വിശകലനം ചെയ്യാനും അവർ മിടുക്കിയായിരുന്നു. ഇബ്നു അബീമുലൈകഃ പറയുന്നു: 'അറിയാത്ത കാര്യങ്ങൾ കേട്ടാൽ അവർ അതേപറ്റി വീണ്ടും വീണ്ടും ചോദിച്ചു മനസ്സിലാക്കുമായിരുന്നു'. അവർ നബിയിൽനിന്ന് വാചികമായിത്തന്നെ ഹദീസുകൾ കേട്ടു പഠിക്കുകയായിരുന്നു. പല വിഷയങ്ങളിലും അവരിൽനിന്നുമാത്രം റിപ്പോർട്ടുകൾ വരാൻ കാരണം അതാണ്. വീട്, കുടുംബം മുതലായവയുമായി ബന്ധപ്പെട്ട നബിയുടെ മിക്ക വ്യവഹാരങ്ങളും ലോകമറിഞ്ഞത് അവരിലൂടെയാണ്. ഹദീസുകളുമായി ബന്ധപ്പെട്ട അഭിപ്രായവ്യത്യാസങ്ങളിൽ ആഇശഃയുടെ അറിവും ഓർമയും ഒത്തുനോക്കിയാണ് സ്വഹാബികൾ തീർപ്പു കൽപിച്ചിരുന്നത്. ഏറ്റവും കൂടുതൽ ഹദീസുകൾ ഉദ്ധരിച്ചിട്ടുള്ള അബൂഹുറയ്റ, അവരെ സമീപിച്ച് തന്റെ കൈവശമുള്ള ഹദീസുകളുടെ ശുദ്ധിപത്രം ഉറപ്പുവരുത്തിയിരുന്നു. പലരും നേരിൽ വന്നുകണ്ട് സംശയനിവാരണം വരുത്തി. ദൂരെയുള്ളവർ ആളെ പറഞ്ഞയച്ച് കാര്യങ്ങൾ അന്വേഷിച്ചു പഠിച്ചു. മുആവിയഃ തന്റെ ഭരണകാലത്ത് പല വിഷയങ്ങളിലും നബിയുടെ തീരുമാനവും നിലപാടും എന്തായിരുന്നുവെന്ന് ആഇശയോട് ചോദിച്ചറിഞ്ഞിരുന്നു.

ശർഈ വിധികളിലെ നാലിലൊന്ന് ആഇശയിൽനിന്ന് ഉദ്ധരിക്കപ്പെട്ടതാണ്. ഇബ്നുഹസ്മിന്റെ കണക്കനുസരിച്ച് സ്ത്രീകളും പുരുഷന്മാരുമായി നൂറ്റിമുപ്പതിൽപരം സ്വഹാബികളിൽനിന്ന് വിവിധ വിഷയങ്ങളിൽ ഫത്‌വകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇവരിൽ ഏഴു പേരിൽ നിന്നാണ് ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇവരിലൊരാൾ ആഇശഃയാണ്. പ്രമുഖ സ്വഹാബി അബൂ മൂസൽ അശ്അരി പറയുന്നു: 'മുഹമ്മദ് നബിയുടെ അനുയായികളായ ഞങ്ങൾക്കു എന്തുപ്രശ്നമുണ്ടായാലും ഞങ്ങൾ അവരോട് പരിഹാരം തേടിയിരുന്നു. എന്തുചോദിച്ചാലും അവരുടെ അടുത്ത് അതേകുറിച്ച വിവരമുണ്ടായിരുന്നു.' അവർക്ക് വ്യാഖ്യാനസഹിതമുള്ള ഒരു മുസ്ഹഫ് ഉണ്ടായിരുന്നെന്നും അതിന് സാധാരണ മുസ്ഹഫിന്റെ മൂന്നിരട്ടി വലിപ്പമുണ്ടായിരുന്നെന്നും ഇമാം സുയൂത്വി 'അൽ ഇത്ഖാനി'ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

നബിചര്യയുടെ കർമ മാതൃക സമൂഹത്തെ പഠിപ്പിച്ചതിൽ അവരുടെ സ്ഥാനം അദ്വിതീയമാണ്. നബിചര്യയുടെ ഒന്നാം പാഠശാലയെന്ന പദവിയും അവരുടെ വീടിനായിരുന്നു. ആയിരമോ അതിലധികമോ ഹദീസുകൾ നിവേദനം ചെയ്തവരിൽ പ്രമുഖ സ്വഹാബികൾ ഏഴു പേരാണ്:

| | | |
|---|---|---|
| 1. അബൂ ഹുറയ്റ | - | 5374 ഹദീസുകൾ |
| 2. ഇബ്നു ഉമർ | - | 2630 ഹദീസുകൾ |
| 3. അനസുബ്നു മാലിക് | - | 2286 ഹദീസുകൾ |
| 4. ആഇശ | - | 2210 ഹദീസുകൾ |
| 5. അബ്ദുല്ലാഹിബ്നു അബ്ബാസ് | - | 1660 ഹദീസുകൾ |
| 6. ജാബിറുബ്നു അബ്ദില്ല | - | 1540 ഹദീസുകൾ |
| 7. അബൂ സഈദിൽ ഖുദ്‌രീ | - | 1170 ഹദീസുകൾ |

എണ്ണം പരിഗണിക്കുമ്പോൾ ആഇശഃ നാലാം സ്ഥാനത്ത് വരുന്നു. എന്നാൽ, ആറ് പ്രമുഖ ഹദീസ്കൃതികളിലെ വർധന പരിഗണിക്കുമ്പോൾ ഒന്നാം സ്ഥാനത്ത് അബൂഹുറയ്റയും രണ്ടാം സ്ഥാനത്ത് ആഇശഃയുമാണ്. അബൂഹുറയ്റ 3370-ഉം ആഇശഃ 2081-ഉം. ബുഖാരിയും മുസ്‌ലിമും ഒന്നിച്ച് 174-ഉം

ബുഖാരി സ്വന്തമായി 54-ഉം മുസ്‌ലിം 69-ഉം ഹദീസുകൾ അവരിൽനിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവരിൽനിന്ന് ഉദ്ധരിക്കപ്പെട്ട ഹദീസുകളിൽ ഭൂരിഭാഗവും വിവിധ വിഷയങ്ങളെ അധികരിച്ച വിധികളാണ്.

നബിയുടെ മറ്റൊരു പത്നിയായ ഉമ്മുസലമയാണ് മറ്റൊരു പ്രമുഖ. ബുദ്ധിമതിയായ അവരുടെ പല അഭിപ്രായങ്ങളും നബി(സ) സ്വീകരിച്ചിരുന്നു. സ്വഹാബികളിൽ ഉസ്മാൻ, അബൂ ഹുറയ്റ,അബ്ദുല്ലാഹിബ്നു അംറ്, അനസ് എന്നിവരുടെ ഗണത്തിലാണ് മതവിധി കൊടുക്കുന്നതിൽ അവരുടെ സ്ഥാനമെന്നാണ് ഇബ്നു ഹസ്മിന്റെ നിർണയം. ആഇശഃ കഴിഞ്ഞാൽ ഹദീസ്രംഗത്ത് രണ്ടാം വനിതാസാന്നിധ്യമാണിവർ. ഇവരിൽനിന്ന് 378 ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഇവയിൽ ബുഖാരിയും മുസ്‌ലിമും ഒന്നിച്ച് പതിമൂന്ന് ഹദീസുകളും ബുഖാരി സ്വന്തമായി മൂന്നും മുസ്‌ലിം പതിമൂന്നും ഹദീസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മൈമൂന, ഉമ്മു ഹബീബ, ഹഫ്സ്വ എന്നീ പ്രവാചക പത്നിമാരിൽനിന്ന് നിരവധി ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായി. മൈമൂന 76 ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. ഇവയിൽ ബുഖാരി ഉദ്ധരിച്ച ഒന്നും മുസ്‌ലിം ഉദ്ധരിച്ച അഞ്ചും ഹദീസുകൾ ഉൾപ്പെടുന്നു.

ഉമ്മു ഹബീബ 65 ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. ഇവയിൽ രണ്ടെണ്ണം ബുഖാരിയും മുസ്‌ലിമും ഒന്നിച്ചുദ്ധരിച്ചതാണ്. രണ്ടാം ഖലീഫ ഉമറിന്റെ മകളായ ഹഫ്സ്വ ഭർത്താവായ നബിയിൽനിന്ന് 60 ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. ഇവയിൽ നാലെണ്ണം ബുഖാരിയും മുസ്‌ലിമും ഒന്നിച്ചുദ്ധരിച്ചതാണ്. മുസ്‌ലിം സ്വന്തമായി ആറെണ്ണം ഉദ്ധരിച്ചിട്ടുണ്ട്. സൈനബ് ബിൻത് ജഹ്ശ് 11 ഹദീസുകളാണ് നബിയിൽനിന്ന് ഉദ്ധരിച്ചത്. മറ്റൊരു പത്നിയായ സ്വഫിയ്യയിൽ നിന്നുള്ള പത്ത് ഹദീസുകളിൽ ഒന്ന് ബുഖാരിയും മുസ്‌ലിമും ചേർന്നുദ്ധരിച്ചതാണ്. ജുവൈരിയ, സൗദ എന്നീ പത്നിമാർ യഥാക്രമം ഏഴും അഞ്ചും ഹദീസുകൾ മാത്രമാണ് ഉദ്ധരിച്ചിട്ടുള്ളത്.

നബിപുത്രി ഫാത്വിമ പതിനെട്ടും ഉമ്മുസുലൈം ബിൻതു മിൽഹാൻ 14ഉം ഹദീസുകൾ ഉദ്ധരിക്കുകയുണ്ടായി.

### താബിഈ വനിതകൾ

ഹിജ്റ ഒന്നാം നൂറ്റാണ്ടിലെ ഹദീസ് നിവേദകരായ താബിഈ വനിതകളിൽ പ്രമുഖർ: ഹസനുൽ ബസ്വ്‌രിയുടെ മാതാവ് ഖൈറ, അബൂ സഈദിൽ ഖുദ്‌രിയുടെ ഭാര്യ സൈനബ്, അബ്ദുല്ലാഹിബ്നു ഉമറിന്റെ ഭാര്യ സ്വഫിയ്യ, അനസുബ്നു മാലികിന്റെ ഭാര്യ സൈനബ്, അബൂബക്ർ സിദ്ദീഖിന്റെ മകൾ ഉമ്മു കുൽസൂം.

വനിതകളുടെ ഹദീസ് നിവേദനങ്ങൾ മുഖ്യമായും രണ്ടാം നൂറ്റാണ്ടിലാണ് നടന്നിട്ടുള്ളത്. ഇവരിൽ പലരും നബി പത്നിമാരായ ആഇശഃയുടെയും ഉമ്മുസലമയുടെയും ശിഷ്യകളാണ്. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജീവിച്ച പ്രമുഖ താബിഈ വനിതകളാണ് ഹഫ്സ്വ ബിൻതു സീരീൻ, അംറ ബിൻതു അബ്ദിർറഹ്മാൻ, ഉമ്മുദ്ദർദാഅ് (അസ്സുഗ്റാ) മുതലായവർ.

ഹദീസ് വിജ്ഞാനീയത്തിന്റെ സുവർണയുഗമായിരുന്നു മൂന്നാം നൂറ്റാണ്ട്. ബുഖാരി, മുസ്‌ലിം, നസാഈ, അബൂദാവൂദ്, തിർമിദി, ഇബ്നുമാജ, ഇസ്ഹാഖുബ്നു റാഹവൈഹി, അഹ്മദുബ്നു ഹമ്പൽ മുതലായവർ ജീവിച്ചത് ഈ കാലയളവിലാണ്. ഇമാം മാലികുബ്നു അനസിന്റെ മകൾ ഫാത്വിമ, ഖദീജ ഉമ്മു മുഹമ്മദ്, സൈനബ് ബിൻതു സുലൈമാനിൽ ഹാശിമിയ്യ, സൈനബ് ബിൻതു സുലൈമാനിബ്നി അബീ ജഅ്ഫറിൽ മൻസ്വൂർ, ഉമ്മു ഉമർ അസ്സഖഫിയ്യ, അസ്മാഅ് ബിൻത് അസദിബ്നിൽ ഫുറാത്, സുലൈഹ ബിൻതു അബീനുഐം, സമാന ബിൻതു ഹംദാൻ, അബ്ദ ബിൻതു അബ്ദിർറഹ്മാൻ മുതലായവരാണ് ഇക്കാലത്തെ പ്രമുഖ ഹദീസ് നിവേദകരായ വനിതകൾ.

### അറിവ് തേടിയുള്ള യാത്ര

ഇസ്‌ലാമിക സന്ദേശം പഠിക്കാനായി വിവിധ നാടുകളിൽനിന്ന് നബിയുടെ കാലത്ത് തന്നെ പ്രതിനിധിസംഘങ്ങൾ എത്താറുണ്ടായിരുന്നു. നബി(സ) നിവേദകാംഗങ്ങളെ സ്വാഗതം ചെയ്യുകയും ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇവരിൽ വനിതകളുമുണ്ടായിരുന്നു. നബിയുമായി അടുത്തിടപഴകാൻ ലഭിച്ച ഈ അവസരം ഹദീസിന്റെ പ്രചാരണത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സഅ്ല അൽഖുറശിയ്യ, ബഹിയ്യ മുതലായവരുടെ ജീവചരിത്രം ഉദാഹരണം. വിവിധ ഗോത്രങ്ങളിലെ ഹദീസ് നിവേദകരായ വനിതകളെ ഇബ്നു സഅ്ദ് തന്റെ ത്വബഖാത്തിൽ വിശദമായി പരിചയപ്പെടുത്തിയിട്ടുണ്ട്. മഖ്റമത്തുൽ അൻബരിയ്യയുടെ മകൾ ഖൈല, സ്ത്രീകൾ നബിയുടെ അടുത്ത് പോയി പഠിച്ചിരുന്നതിനെക്കുറിച്ച് വ്യക്തമായ ചിത്രം തന്നിട്ടുണ്ട് (*ത്വബഖാത്ത്* 8/501).



പ്രമുഖ സ്വഹാബി വനിത ഉമ്മു അത്വിയ്യ നബിയുടെ വിയോഗശേഷം ബസ്വ്‌റയിലെ ബനൂഖലഫ് കൊട്ടാരത്തിലായിരുന്നു താമസിച്ചിരുന്നത്. ഹദീസുകൾ കൈമാറുന്നതിൽ അവർ വലിയ പങ്കുവഹിച്ചു. പ്രമുഖരായ പല താബിഉകളും അവരുടെ ശിഷ്യരാണ്. പ്രമുഖ ഹദീസ് നിവേദകയായ അസ്മാഅ് ബിൻത് യസീദിന് ശാമിൽ വിപുലമായ വിദ്യാർഥി വൃന്ദമുണ്ടായിരുന്നു.

ത്വൽഹ, സുബൈർ എന്നിവരോടൊപ്പം ബസ്വ്‌റയിലെത്തിയ നബിപത്നി ആഇശ, അവിടെ താമ

ഇസ്‌ലാമിക സന്ദേശം പഠിക്കാനായി വിവിധ നാടുകളിൽനിന്ന് നബിയുടെ കാലത്ത് തന്നെ പ്രതിനിധിസംഘങ്ങൾ എത്താറുണ്ടായിരുന്നു. നബി(സ) നിവേദകാംഗങ്ങളെ സ്വാഗതം ചെയ്യുകയും ആവശ്യമായ ഉപദേശ നിർദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. ഇവരിൽ വനിതകളുമുണ്ടായിരുന്നു. നബിയുമായി അടുത്തിടപഴകാൻ ലഭിച്ച ഈ അവസരം ഹദീസിന്റെ പ്രചാരണത്തിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. സഅ്ല അൽഖുറശിയ്യ, ബഹിയ്യ മുതലായവരുടെ ജീവചരിത്രം ഉദാഹരണം.

സിച്ച കാലയളവിൽ ഹദീസ്വ്യാപനത്തിൽ പങ്കുവഹിച്ചു. സഹോദരൻ മുആവിയയെ കാണാൻ ശാമിലേക്കു പോയ നബിപത്നി ഉമ്മു ഹബീബയും ഹദീസിന്റെ പ്രചാരകയായി.

സ്വമ്മാഅ് ബിൻത് ബുസ്റ്, ഉമ്മുദ്ദർദാഅ് (അൽകുബ്റാ), ഉമ്മു അയ്മൻ മുതലായവർ ശാമിലും നബിയുടെ വിമോചിത അടിമ മൈമൂന ബിൻതു സഅ്ദ്, ഫാത്വിമ ബിൻതു യമാൻ, ഉമ്മു സുലൈമാനുബ്നു അംറിബ്നിൽ അഹ്വസ്, ഉമ്മുൽ ഹുസൈൻ അൽ അഹ്മസിയ്യ യുസ്റ, ഉമ്മു മുസ്‌ലിം അൽ അശ്ജഇയ്യ, ഖതീല ബിൻതു സൈഫീ, സഅ്ദുബ്നു ഉബാദയുടെ വിമോചിത അടിമ ഉമ്മു ത്വാരിഖ്, സലാമ ബിൻതുൽ ഹുർറ്, ഉമ്മു വറഖ മുതലായവർ ശാമിലെ ഹദീസ് നിവേദക സ്ത്രീകളാണ്. മൈമൂന ബിൻതു കുർദും, ഉമ്മു ഇസ്ഹാഖ്, ഉമ്മു അത്വിയ്യ അൻസ്വാരിയ്യ, ഖൈല, ബുഹൈസ, അജൂസ് മിൻബനീ നുമൈർ, ജദ്ദ ഹശ്റജുബ്നു സിയാദ് മുതലായവർ ബസ്റയിലെ ഹദീസ് നിവേദന-പ്രചാരണ രംഗത്തെ പ്രശസ്ത വനിതകളാണ്. ഇജ്‌ലീയുടെ അഭിപ്രായപ്രകാരം ആയിരത്തി അഞ്ഞൂറോളം സ്വഹാബികൾ മദീനയിൽനിന്ന് വിവിധ നാടുകളിലേക്ക് യാത്രയായിട്ടുണ്ട്. അവരിൽ സ്വഹാബിവനിതകളും സ്വഹാബികളുമായി ബന്ധമുണ്ടായിരുന്ന താബിഈ വനിതകളുമുണ്ടായിരുന്നു.

'സ്വിഹാഹുസ്സിത്ത'യിൽ സ്വഹാബികളല്ലാത്ത വനിതകളുടെ കണക്ക് ഇപ്രകാരമാണ്. പ്രമുഖ താബിഈ വനിതകൾ എട്ട്, താബിഈങ്ങളിലെ മധ്യവിഭാഗത്തിൽനിന്ന് നാൽപത്തിയാറ്, നാലാം തലമുറയിൽ ഇരുപത്തിമൂന്ന്, അഞ്ചാം തലമുറയിൽ അഞ്ച്, ആറാം തലമുറയിൽ പത്ത്, ഏഴാം തലമുറയിൽ പത്ത്, എട്ടാം തലമുറയിൽ ത്വൽഹ ഉമ്മു ഗുറാബ് എന്ന വനിത. ഇവർ കഴിഞ്ഞാൽ ആറു ഇമാമുകൾക്കിടയിൽ ഒരൊറ്റ വനിതാ നിവേദകയും ഇല്ല. നൂറ്റാണ്ടുകൾ കഴിഞ്ഞുവന്നപ്പോൾ അഥവാ മൂന്നാം നൂറ്റാണ്ടിലെത്തിയപ്പോൾ പരമ്പരയുടെ ഒടുവിൽ ഒറ്റ വനിതയെയും കണ്ടെത്താൻ കഴിയുന്നില്ല.

ആദർശം, ആരാധനാനുഷ്ഠാനങ്ങൾ, വ്യവഹാരങ്ങൾ തുടങ്ങിയ പല വിഷയത്തിലും വനിതകളുദ്ധരിച്ച ഹദീസുകൾ നിർണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിധവകളുടെ താമസവുമായി ബന്ധപ്പെട്ട ഫരീഅഃയുടെ ഹദീസ് ഉദാഹരണം. (അബൂദാവൂദ്, ത്വലാഖ് അധ്യായം) ഫരീഅഃയിൽനിന്ന് സൈനബ് ബിൻതു കഅ്ബ്ബിനി ഉജ്റ എന്ന താബിഈ വനിത റിപ്പോർട്ട് ചെയ്ത ഈ ഹദീസ് അവലംബിച്ച് ഖലീഫ ഉസ്മാൻ, മുഹാജിറുകളും അൻസ്വാറുകളും ഉൾപ്പെട്ട ഒരു സദസ്സിൽ തദ്വിഷയകമായി ഒരിക്കൽ വിധി പ്രസ്താവിക്കുകയുണ്ടായി. ഒരു സ്വഹാബിവനിത പ്രമുഖ സ്വഹാബികൾക്ക് അവലംബമായതാണ് നാം ഇവിടെ കാണുന്നത്. പൂർണ വിവാഹമോചിതയായ സ്ത്രീകളുടെ ജീവനാംശം, താമസം മുതലായ വിഷയത്തിൽ ഫാത്വിമ ബിൻതു ഖൈസ് എന്ന സ്വഹാബി ഉദ്ധരിച്ച ഹദീസാണ് ശരീഅത്തിൽ പ്രമാണമായി നിലവിലുള്ളത് (*മുസ്‌ലിം, അത്ത്വലാഖ്* അധ്യായം). സ്ത്രീകളെ സംബന്ധിക്കുന്ന മറ്റനേകം വിഷയങ്ങളും അവരിലൂടെ തന്നെയാണ് നമുക്ക് ലഭ്യമായത്.

മയ്യിത്ത് കുളിപ്പിക്കുന്നതിന്റെ വിശദാംശങ്ങളുമായി ബന്ധപ്പെട്ട് ഉമ്മു അത്വിയ്യ നിവേദനം ചെയ്ത ഹദീസ് മറ്റൊരു ഉദാഹരണം. നബിയുടെ നിർദേശപ്രകാരം അദ്ദേഹത്തിന്റെ പെൺമക്കളായ സൈനബ്, ഉമ്മുകുൽസൂം എന്നിവരെ കുളിപ്പിച്ചത് ഉമ്മു അത്വിയ്യയായിരുന്നു. ഓരോ ഘട്ടത്തിലും എന്തു ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞുകൊടുത്തുകൊണ്ടിരുന്നു. ജീവിതാവസാന കാലത്ത് ബസ്റയിൽ താമസമാക്കിയ അവരിൽനിന്ന് ഹദീസുകൾ പഠിക്കാൻ ധാരാളം പുരുഷന്മാരും സ്ത്രീകളും എത്തിയിരുന്നു. ഉമ്മു അത്വിയ്യയുടെ പ്രമുഖ ശിഷ്യയും താബിഈ പണ്ഡിതയുമായ ഹഫ്സ്വ ബിൻതു സീരീൻ പറയുന്നു: 'ഞങ്ങൾ വനിതകളെ പെരുന്നാൾ ചടങ്ങുകളിൽ ഹാജറാകുന്നതിൽനിന്ന് തടഞ്ഞിരുന്നു. അതിനിടെ, ഉമ്മു അത്വിയ്യ ബസ്റയിലെത്തി. തദ്വിഷയകമായ പ്രവാചകനിർദേശം ആളുകൾക്ക് വിശദീകരിച്ചു കൊടുത്തു. 'പങ്കെടുക്കുന്നതിനാവശ്യമായ വസ്ത്രമില്ലാത്തവരെ വസ്ത്രമുള്ളവർ സഹായിക്കട്ടെ'എന്ന നബിയുടെ നിർദേശം പ്രഥമ ഘട്ടത്തിൽ ഹഫ്സ്വക്ക് അമ്പരപ്പാണുണ്ടാക്കിയത്.

### ഹദീസ് നിരൂപണം

ചില സ്വഹാബികൾ തെറ്റായി മനസ്സിലാക്കിയ ഹദീസുകൾ ആഇശഃ(റ) തിരുത്തിയിരുന്നു. വീടും സ്ത്രീയും കുതിരയും അവലക്ഷണമാണെന്ന അബൂഹുറയ്റ ഉദ്ധരിച്ച ഹദീസിനെക്കുറിച്ച് ആഇശ പറഞ്ഞതിങ്ങനെ: 'അബുൽഖാസിമിന്(നബിക്ക്) ഖുർആൻ അവതരിപ്പിച്ചവനാണ: നബി(സ) അങ്ങനെയല്ല പറഞ്ഞത്. മറിച്ച്, ജാഹിലിയ്യക്കാർ അവലക്ഷണം സ്ത്രീയിലും വാഹനത്തിലും വീട്ടിലുമാണെന്ന് പറയാറുണ്ടായിരുന്നു' എന്നാണ് നബി(സ) പറഞ്ഞിരുന്നത്. തുടർന്ന് അവർ വിശുദ്ധ ഖുർആൻ *അൽ ഹദീദ്* അധ്യായത്തിലെ 22-ാം സൂക്തം ഓതിക്കേൾപ്പിച്ചു. നബിയുടെ പ്രസ്താവന ഭാഗികമായി മാത്രം കേൾക്കാൻ ഇടയായതാകണം അബൂഹുറയ്റക്ക് തെറ്റ് പറ്റാൻ കാരണമെന്ന് ആഇശ(റ) വിശദീകരിക്കുകയുണ്ടായി.

നബിയുടെ പ്രവർത്തനങ്ങൾക്ക് വിരുദ്ധമായ ഹദീസുകളും ആഇശഃ ചോദ്യം ചെയ്തു. അബൂദർറും അബൂഹുറയ്റയും ഇബ്നു അബ്ബാസും ഉദ്ധരിച്ച, 'കഴുതയോ നായയോ സ്ത്രീയോ മുന്നിലൂടെ കടന്നു പോയാൽ നമസ്കാരം അസാധുവാകും' എന്ന ഹദീസ് ഉദാഹരണം. ഇത് നിരാകരിച്ചുകൊണ്ടവർ പറഞ്ഞു: 'നിങ്ങൾ ഞങ്ങളെ കഴുതകളോടും നായ്ക്കളോടും സാദൃശ്യപ്പെടുത്തി. നബി നമസ്കരിക്കുമ്പോൾ അദ്ദേഹത്തിനും ഖിബ്‌ലക്കുമിടയിൽ ഞാൻ കിടക്കാറുണ്ടായിരുന്നു' (*മുസ്‌ലിം, ബാബു സിത്റത്തുൽ മുസല്ലീ* 1/366).

റിപ്പോർട്ടിലെ പോരായ്മ പരിഹരിച്ചുകൊണ്ട് തെറ്റുതിരുത്തിയ സംഭവങ്ങളുമുണ്ടായിട്ടുണ്ട്. 'കവിത നിറക്കുന്നതിനേക്കാൾ ഉത്തമം രക്തവും ചലവും നിറക്കുന്നതാണെ'ന്ന അബൂഹുറയ്റ ഉദ്ധരിച്ച ഹദീസിനെക്കുറിച്ച് ആഇശഃ(റ)യുടെ പ്രതികരണം: 'എന്നെ അധിക്ഷേപിച്ച് കവിത നിറക്കുന്നതാണെന്നാ'ണ് നബി പ്രസ്താവിച്ചതെന്നായിരുന്നു (*ത്വഹാവി, ശർഹു മആനിൽ ആസാർ* 4/692). കവിത വർജ്യമായിരുന്നെങ്കിൽ നബി പള്ളിമിമ്പറിൽ വെച്ച് കവിത ചൊല്ലാൻ ഹസ്സാനുബ്നു സാബിതിനെ അനുവദിക്കുമായിരുന്നില്ല.

റിപ്പോർട്ടുകൾ വിമർശന ബുദ്ധ്യാ വിലയിരുത്തുന്നതിൽ വനിതകൾ ഒട്ടും പിന്നിലായിരുന്നില്ലെന്നും ഹദീസ്വിജ്ഞാന രംഗത്ത് സ്ത്രീസാന്നിധ്യം സജീവമായിരുന്നെന്നും ഇതെല്ലാം സാക്ഷ്യപ്പെടുത്തുന്നു. ■

**അവലംബം**: 'ദൗറുൽ മർഅഃ ഫീ ഖിദ്മത്തിൽ ഹദീസ് ഫിൽ ഖുറൂനിസ്സലാസത്തിൽ ഊലാ'/
ആമാൽ ഖിർദാശ് ബിൻതുൽ ഹുസൈൻ.